# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6576   04.04.2018 ൽ മറുപടിക്ക്**

**ടാർ ക്ഷാമവും ജീവനക്കാരുടെ കുറവും മൂലമുള്ള പ്രതിസന്ധി**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.വി.പി.സജീന്ദ്രൻ** | | **ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ടാർ വാങ്ങിയ വകയിൽ കൊച്ചിൻ റിഫൈനറിയ്ക്ക് ഭീമമായ കുടിശ്ശിക ഉണ്ടായ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പണികൾക്ക് ടാർ ലഭിക്കാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോ; | എ) | ടാർ വാങ്ങിയ വകയിൽ കൊച്ചിൻ റിഫൈനറിയ്ക്ക് കുടിശ്ശിക ഉണ്ടായതിനാൽ പൊതുമരാമത്ത് വകുപ്പിന് ടാർ നൽകുന്നത് ഭാരത് പെട്രോളിയം രണ്ടാഴ്ച നിർത്തിവച്ച സാഹചര്യം ഉണ്ടായിരുന്നുവെങ്കിലും കുടിശ്ശിക തുക ഒടുക്കിയതിനാൽ നിലവിൽ ടാർ ലഭിക്കാത്ത സാഹചര്യം ഇല്ല. |
| ബി) പുതിയകാലം, പുതിയ നിർമ്മാണം എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികൾക്ക് പ്രസ്തുത ടാർ ക്ഷാമം തടസ്സമായിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) വകുപ്പിലെ ടെക്നിക്കൽ ജീവനക്കാരുടെ കുറവ് നിർമ്മാണ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എത്ര ജീവനക്കാരുടെ കുറവാണ് നിലവിലുള്ളത്;<br><br>ഡി) എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വകുപ്പിൽ നിന്നും പെൻഷനായ എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ? | സി)<br>&<br>ഡി) | ഉണ്ട്. മൂന്നാംതരം ഓവർസിയർമാരുടെ കുറവ് നിലവിലുണ്ട്. ആയത് പരിഹരിക്കുവാൻ മൂന്നാംഗ്രേഡ് ഓവർസീയർമാരുടെ 228 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തു പ്രകാരം 133 ഉദ്യോഗാർത്ഥികളുടെ നിയമന ശുപാർശ പി.എസ്.സി യിൽ നിന്നും ലഭ്യമായിട്ടുണ്ട്. അതിൽ 79 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കി 54 പേരുടെ നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബാക്കി ഒഴിവുകൾ പി എസ് സി യിൽ നിന്നും ഉദ്യോഗാർത്ഥികളുടെ നിയമന ശുപാർശ കിട്ടുന്ന മുറയ്ക്ക് നികത്തുന്നതാണ്. ഈ വിധം പി എസ് സി വഴി നിയമനം നടക്കുന്നതോടെ ജീവനക്കാരുടെ കുറവ് പ്രശ്നം ഭാഗികമായി പരിഹരിക്കപ്പെടുന്നതാണ് |

സെക്ഷൻ ഓഫീസർ